# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 16.10.2025** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. **പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ആന്ധ്രാപ്രദേശിൽ. കർണൂലിൽ 13,430 കോടി രൂപയുടെ വികസന പദ്ധതികൾ രാജ്യത്തിന് സമർപ്പിക്കും.**

   **Prime Minister Narendra Modi will visit Andhra Pradesh today. Development projects worth Rs 13,430 crore will be presented to the nation in Kurnool.**

2. **രാജ്യത്ത് നക്സൽ ബാധിത ജില്ലകളുടെ എണ്ണം ആറിൽ നിന്ന് മൂന്നായി കുറഞ്ഞതായി കേന്ദ്രസർക്കാർ.**

   **Union Government said that the number of Naxal-affected districts in the country has reduced from six to three.**

3. **ശ്രീലങ്കൻ പ്രധാനമന്ത്രി ഹരിണി അമരസൂര്യ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും.**

   **Sri Lankan Prime Minister Harini Amarasuraya will arrive in India today for a two-day visit.**

4. **2030 ലെ കോമൺവെൽത്ത് ഗെയിംസിന് ആതിഥേയത്വം വഹിക്കാൻ ഗുജറാത്തിലെ അഹമ്മദാബാദിനെ ശുപാർശ ചെയ്ത് കേന്ദ്ര സർക്കാരും ഇന്ത്യൻ കോമൺവെൽത്ത് ഗെയിംസ് അസോസിയേഷനും.**

   **The union government and the Commonwealth Games Association of India have recommended Ahmedabad, Gujarat, as the host city of the 2030 Commonwealth Games.**

5. മികച്ച ഭക്ഷണത്തിനും മികച്ച ഭാവിക്കും വേണ്ടി കൈകോർക്കുക ഇന്ന പ്രമേയത്തിലൂന്നി ഇന്ന് ലോക ഭക്ഷ്യദിനം.

Today is World Food Day with the theme of "Hand in hands for better food and a better future.

6. കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോട്ടയം ഇടുക്കി ജില്ലകളിൽ ഓറഞ്ച് ജാഗ്രത. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഞായറാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്ക്.

IMD has predicted heavy rains with thunderstorms in Kerala. Orange alert in Kottayam and Idukki districts. Fishing is banned on the Kerala-Lakshadweep coasts until Sunday.

## PM-ANDHRA PRADESH

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ആന്ധ്രാപ്രദേശ് സന്ദർശിക്കും. കർണൂലിൽ 13,430 കോടി രൂപയുടെ വികസന പദ്ധതികൾ അദ്ദേഹം രാജ്യത്തിന് സമർപ്പിക്കും. ശ്രീശൈലത്തെ ശ്രീ ഭ്രമരാംബ മല്ലികാർജുന സ്വാമി ദേവസ്ഥാനത്തും ശ്രീ മോദി ദർശനം നടത്തും.

## RAJNATH SINGH (INTRO)

ഇന്ത്യയും ബ്രസീലും തമ്മിൽ ശക്തവും പരസ്പര ബഹുമാനത്തിലും അധിഷ്ഠിതമായ തന്ത്രപരമായ പങ്കാളിത്തമാണ് നിലനിൽക്കുന്നതെന്ന് രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ്. ന്യൂഡൽഹിയിൽ ബ്രസീൽ വൈസ് പ്രസിഡന്റ്, പ്രതിരോധ മന്ത്രി എന്നിവരുമായി നടത്തിയ കൂടിക്കാഴ്ചക്ക് ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇരു രാജ്യങ്ങളും തമ്മിലുള്ള പ്രതിരോധ, സുരക്ഷാ പങ്കാളിത്തം ആഗോള തലത്തിൽ സമാധാനവും സുരക്ഷയും വർദ്ധിപ്പിക്കുന്നതിന് നിർണായകമാണെന്നും ശ്രീ സിംഗ് പറഞ്ഞു.

(വോയിസ് )
ബ്രസീൽ പ്രസിഡന്റ് ലൂയിസ് ഇനാസിയോ ലുല ഡ സിൽവ അടുത്ത വർഷം ഇന്ത്യ സന്ദർശിക്കുമെന്ന് ബ്രസീൽ വൈസ് പ്രസിഡന്റ് അറിയിച്ചു.

## NAXAL CENTRAL GOVERNMENT

രാജ്യത്ത് നക്സൽ ബാധിത ജില്ലകളുടെ എണ്ണം ആറിൽ നിന്ന് മൂന്നായി കുറഞ്ഞതായി കേന്ദ്രസർക്കാർ. ഛത്തീസ്ഗഢിലെ ബിജാപൂർ, സുക്മ, നാരായൺപൂർ എന്നിവിടങ്ങളിൽ മാത്രമാണ് നിലവിൽ നക്സൽ ഭീഷണി നിലനിൽക്കുന്നത്. നക്സൽ രഹിത ഭാരതം കെട്ടിപ്പടുക്കാനുള്ള കേന്ദ്ര സർക്കാരിന്റെ പ്രവർത്തനങ്ങളുടെ തെളിവാണിതെന്ന് ആഭ്യന്തര മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. ഇന്നലെ മഹാരാഷ്ട്രയിലെ ഗഡ്ചിരോളി ജില്ലയിൽ 61 നക്സലുകളും ഛത്തീസ്ഗഢിലെ സുക്മ ജില്ലയിൽ ഇരുപത്തിയേഴ് മാവോയിസ്റ്റുകളും കീഴടങ്ങിയിരുന്നു.

## SRI LANKAN PM - INDIA

ശ്രീലങ്കൻ പ്രധാനമന്ത്രി ഹരിണി അമരസൂര്യ രണ്ട് ദിവസത്തെ സന്ദർശനത്തിനായി ഇന്ന് ഇന്ത്യയിലെത്തും. ഒരു സ്വകാര്യ ടിവി ചാനൽ സംഘടിപ്പിക്കുന്ന ഉച്ചകോടിയിൽ പങ്കെടുക്കുന്ന ശ്രീലങ്കൻ പ്രധാനമന്ത്രി ഐഐടി ഡൽഹിയും നീതി ആയോഗും സന്ദർശിക്കും. തുടർന്ന് ഡൽഹി സർവകലാശാലയിൽ എത്തുന്ന ശ്രീലങ്കൻ പ്രധാനമന്ത്രി ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാര, വാണിജ്യ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്ന തിനായുള്ള പ്രത്യേക വ്യാപാര യോഗത്തിലും പങ്കെടുക്കും.

## SHAH - EXTRADITION CONFERENCE

'കുറ്റകൃത്യങ്ങൾ ചെയ്ത ശേഷം ഒളിവിൽ പോയവരുടെ കൈമാറ്റം സംബന്ധിച്ച വെല്ലുവിളികളും തന്ത്രങ്ങളും' എന്ന വിഷയത്തിലെ സമ്മേളനം ആഭ്യന്തരമന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ഉത്ഘാടനം ചെയ്യും. സെൻട്രൽ ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷനാണ് രണ്ടു ദിവസത്തെ സമ്മേളനം സംഘടിപ്പിക്കു ന്നത്. വിവിധ കേന്ദ്ര, സംസ്ഥാന പോലീസ് ഏജൻസികളിൽ നിന്നുള്ള

മുതിർന്ന പോലീസ് ഉദ്യോഗസ്ഥർ സമ്മേളനത്തിൽ പങ്കെടുക്കും. വിദേശകാര്യ മന്ത്രാലയ പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുക്കും.

## COMMONWEALTH AHMEDABAD

രാജ്യത്തെ കായികമേഖലയിലെ സുപ്രധാന നാഴികക്കല്ലായി, 2030 ലെ കോമൺവെൽത്ത് ഗെയിംസിന് ആതിഥേയത്വം വഹിക്കാൻ ഗുജറാത്തിലെ അഹമ്മദാബാദിനെ ശുപാർശ ചെയ്ത് കേന്ദ്ര സർക്കാരും ഇന്ത്യൻ കോമൺവെൽത്ത് ഗെയിംസ് അസോസിയേഷനും. കോമൺവെൽത്ത് സ്പോർട്സിന്റെ എക്സിക്യൂട്ടീവ് ബോർഡ് യോഗത്തിലാണ് ശുപാർശ നടത്തിയത്. നവംബറിൽ കോമൺവെൽത്ത് സ്പോർട്സിന്റെ ജനറൽ അസംബ്ലിൽ ശുപാർശ അവതരിപ്പിക്കും. ചരിത്രപരമായ നേട്ടത്തെ കേന്ദ്ര മന്ത്രിമാരായ അമിത് ഷാ, മൻസുഖ് മാണ്ഡവ്യ തുടങ്ങിയവർ അഭിനന്ദിച്ചു.

## KENIYAN FORMER PM TRIBUTE

എറണാകുളത്ത് അന്തരിച്ച കെനിയയുടെ മുൻ പ്രധാനമന്ത്രി റെയ്ല ഒഡിംഗയുടെ ഭൗതിക ദേഹം മുബൈയിലേക്ക് കൊണ്ടു പോയി. പ്രധാനമന്ത്രിക്കു വേണ്ടി ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഇന്നലെ കൊച്ചി വിമാനത്താവളത്തിൽ എത്തി അന്ത്യാഞ്ജലി അർപ്പിച്ചു. വിയോഗത്തിൽ ഗവർണർ അനുശോചനം അറിയിച്ചു.

## BJP - THIRD LIST

ബിഹാർ നിയമസഭാ തിരഞ്ഞെടുപ്പിനുള്ള ബിജെപിയുടെ മൂന്നാം സ്ഥാനാർഥി പട്ടിക പുറത്തിറക്കി ഉമാകാന്ത് സിംഗ്, ചൻപതിയ മണ്ഡലത്തിൽ നിന്നും സഞ്ജയ് പാണ്ഡെ നർക്കതിയാഗഞ്ചിൽ നിന്നും മത്സരിക്കും. ഇതോടെ 101 മണ്ഡലങ്ങളിൽ ബിജെപി സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചു. കഴിഞ്ഞ ദിവസ്സം ജനതാദൾ (യു) 57 സ്ഥാനാർത്ഥികളുടെ ആദ്യ പട്ടിക പുറത്തിറക്കിയിരുന്നു.

## DEFENCE MINISTRY

ഇന്ത്യൻ സൈന്യത്തിന്റെ അസോൾട്ട് റൈഫിളിന് അഡ്വാൻസ്ഡ് നൈറ്റ് സൈറ്റ് വാങ്ങുന്നതിനായി പ്രതിരോധ മന്ത്രാലയം 659 കോടി രൂപയുടെ കരാറിൽ ഒപ്പുവച്ചു. രാത്രികാലങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്ന ഈ സംവിധാനം, SIG 716 അസോൾട്ട് റൈഫിളിന്റെ ദീർഘദൂരവും ഫലപ്രദവുമായ ശ്രേണി പൂർണ്ണമായും ഉപയോഗപ്പെടുത്താൻ സഹായിക്കും. 51 ശതമാനത്തിലധികം തദ്ദേശീയമായി നിർമ്മിച്ചിട്ടുള്ള സംവിധാനം പ്രതിരോധ നിർമ്മാണത്തിൽ ആത്മനിർഭർ ഭാരതത്തിലേക്കുള്ള ഒരു പ്രധാന ചുവടുവയ്പ്പാണെന്ന് പ്രതിരോധ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു.

## GOVERNOR - DEFENCE PENSION

പ്രതിരോധ പെൻഷൻകാരുടെ പരാതികൾ പരിഹരിക്കാനുള്ള സ്പർശ് സമ്പർക്ക പരിപാടിയുടെ ഔദ്യോഗിക ഉദ്ഘാടനം ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഇന്ന് തിരുവനന്തപുരം, പാങ്ങോട് മിലിട്ടറി സ്റ്റേഷനിൽ നിർവ്വഹിക്കും. കേരളത്തിൻറെ തെക്കൻ ജില്ലകളിലെ പ്രതിരോധ പെൻഷൻകാരുടെ പരാതികളാകും പരിഗണിക്കുക.

## GOYAL-CHEMICAL- intro

ഇന്ത്യയുടെ ആഗോള നേതൃത്വത്തെ ശക്തിപ്പെടുത്താൻ കെമിക്കൽ, പെട്രോകെമിക്കൽ വ്യവസായത്തിന് കഴിയുമെന്ന് കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ. ഇന്നലെ കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി സംഘടിപ്പിച്ച ഏഴാമത് ഇന്ത്യൻ കെമിക്കൽസ് ആൻഡ് പെട്രോകെമിക്കൽസ് കോൺഫറൻസിനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. വ്യവസായത്തിനും സമ്പദ്വ്യവസ്ഥയിലും പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്നതിൽ കെമിക്കൽസ്, പെട്രോകെമിക്കൽ വ്യവസായത്തിന് നിർണായക പങ്കുണ്ടെന്നും അദ്ദേഹം പറഞ്ഞു.

## WORLD FOOD DAY

ഇന്ന് ലോക  ഭക്ഷ്യദിനം. വിശപ്പ് ഇല്ലാതാക്കുക, സുസ്ഥിര ഭക്ഷ്യ സമ്പ്രദായങ്ങൾ നടപ്പിലാക്കുക എന്നീ ലക്ഷ്യങ്ങൾ നേടുന്നതിനായാണ് ഐക്യരാഷ്ട്രസഭയുടെ ഭക്ഷ്യ-കാർഷിക സംഘടന എല്ലാ വർഷവും ഒക്ടോബർ 16 ലോക  ഭക്ഷ്യദിനമായി ആചരിക്കുന്നത്. "മികച്ച ഭക്ഷണത്തിനും മികച്ച ഭാവിക്കും വേണ്ടി കൈകോർക്കുക" എന്നതാണ് ഈ വർഷത്തെ പ്രമേയം.

☸☸☸☸☸☸☸☸☸☸☸☸☸

## IMD WEATHER

മാഹി, തമിഴ്നാട്, പുതുച്ചേരി, കാരക്കൽ എന്നിവിടങ്ങളിൽ ഇന്ന് കനത്ത മഴയ്ക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് ജാഗ്രതാ നിർദേശം നൽകി. ആന്ധ്രാപ്രദേശ്, കർണാടക, ലക്ഷദ്വീപ്, ഒഡീഷ, തെലങ്കാന, കൊങ്കൺ, ഗോവ, മധ്യപ്രദേശ് എന്നിവിടങ്ങളിലും അടുത്ത രണ്ട് ദിവസം ശക്തമായ മഴക്ക് സാധ്യതയുണ്ടെന്ന് കാലാവസ്ഥാ വകുപ്പ് അറിയിച്ചു .

☸☸☸☸☸☸☸☸☸☸☸☸☸

## RAIN -KERALA

കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. കോട്ടയം ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയും,  7 ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള-ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 19 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

☸☸☸☸☸☸☸☸☸☸☸☸☸

## SABARIMALA

തുലാമാസ പൂജകൾക്കായി ശബരിമല നട നാളെ തുറക്കും. മറ്റന്നാൾ രാവിലെ സന്നിധാനത്ത് ശബരിമല,  മാളികപ്പുറം മേൽശാന്തിമാരെ തെരഞ്ഞെടുക്കുന്നതിനുള്ള നറുക്കെടുപ്പ് നടക്കും. രാഷ്ട്രപതി ദ്രൗപദി മുർമുവിൻറെ സന്ദർശനത്തോടനുബന്ധിച്ച് ഈ മാസം 22 ന് ദർശനത്തിന് നിയന്ത്രണമുണ്ടാകും.

☸☸☸☸☸☸☸☸☸☸☸☸☸

## GST REFORMS- DELHI

പുതുക്കിയ ജിഎസ്ടി പരിഷ്കാരങ്ങൾ ഡൽഹിയിലെ വ്യാപാരികൾക്കും സേവന ദാതാക്കൾക്കും ചെറുകിട നിർമ്മാതാക്കൾക്കും വലിയ ആശ്വാസമാണ് നൽകുന്നത്. അവശ്യവസ്തുക്കളുടെയും സേവനങ്ങളുടെയും നിരക്ക് കുറച്ചത് ഡൽഹിയിലെ വ്യപാരികൾക്കും സാധാരണക്കാർക്കും നിത്യ ജീവിതം കൂടുതൽ ലളിതമാക്കി . ഹോട്ടൽ മുറികളുടെ ജിഎസ്ടി 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചത് വരാനിരിക്കുന്ന ടൂറിസം സീസണിൽ മികച്ചം നേട്ടം ഉണ്ടാക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

❁❁❁❁❁❁❁❁❁❁❁❁❁

## ICC WOMENS WORLD CUP

ഐസിസി വനിതാ ക്രിക്കറ്റ് ലോകകപ്പിൽ ഇന്നലെ നടന്ന ഇംഗ്ലണ്ട് - പാകിസ്ഥാൻ മത്സരം മഴ മൂലം ഉപേക്ഷിച്ചു. ഇരു ടീമുകൾക്കും ഓരോ പോയിന്റ് വീതം ലഭിച്ചു. ഇന്ന് വിശാഖപട്ടണത്തു നടക്കുന്ന മത്സരത്തിൽ ഓസ്‌ട്രേലിയ ബംഗ്ലാദേശിനെ നേരിടും.

❁❁❁❁❁❁❁❁❁❁❁❁❁

## IUCN CONCLUDES

IUCN വേൾഡ് കൺസർവേഷൻ കോൺഗ്രസ് ഇന്നലെ അബുദാബിയിൽ സമാപിച്ചു. ഒരാഴ്ച നീണ്ടുനിന്ന സമ്മേളനം, ഉന്നതതല ചർച്ചകളിലൂടെ പുതുക്കിയ ആഗോള സംരക്ഷണ അജണ്ടയ്ക്ക് രൂപം നൽകി. ജൈവവൈവിധ്യ നഷ്ടം, കാലാവസ്ഥാ ഭീഷണികൾ, പാരിസ്ഥിതിക കുറ്റകൃത്യങ്ങൾ എന്നിവ പരിഹരിക്കുന്നതിനുള്ള സുപ്രധാന പ്രമേയങ്ങൾ കോൺഗ്രസ് അംഗീകരിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## CBC

കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിൻ്റെ സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷൻ കോട്ടയം ഫീൽഡ് ഓഫിസ് സംഘടിപ്പിക്കുന്ന ത്രിദിന സംയോജിത ബോധവത്ക്കരണ പരിപാടിയും ഫോട്ടോ പ്രദർശനവും ഇന്ന് തുടങ്ങും. സീതാറാം ഓഡിറ്റോറിയത്തിലാണ് പരിപാടി.

പൊതുജനങ്ങൾക്കായി സൗജന്യ മെഡിക്കൽ ക്യാമ്പ്, ആധാർ സേവനങ്ങൾ തുടങ്ങിയവയും നടക്കും.